ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ. എഫ് 1 /2783/2021/മെ.വി.വ

തീയതി: 28/06/2022

### അനുബന്ധം എച്ച് 4

### നോട്ടീസ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ സുനു അലക്സ് എന്ന താങ്കൾക്ക് എതിരായ കാരണം കാണിക്കൽ നോട്ടീസ് 24.03.2022 ലെ എഫ് 1/2783/2021/മെ.വി.വ നമ്പർ കത്ത് പ്രകാരം താങ്കൾക്ക് രജിസ്റ്റേർഡ് ആയി അയച്ചിട്ടുണ്ടായിരുന്നു. ആയതിൽ സേവനനിരീക്ഷണ കാലയളവിൽ 01.04.2021 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന താങ്കളെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവിസ് റൂൾസ് ഭാഗം II റൂൾ 19(എ(ii) പ്രകാരം സേവനനിരീക്ഷണം അവസാനിപ്പിച്ച് ജോലിയിൽ നിന്നും പിരിച്ചു വിടുന്നതിനും, സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനും തീരുമാനിച്ചതായി അറിയിക്കുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ആയിട്ടും താങ്കൾ കാരണം ബോധിപ്പിക്കുകയോ, ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ നോട്ടിസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്ക് എതിരായ കാരണം കാണിക്കൽ നോട്ടീസിന് തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ സേവനനിരീക്ഷണത്തിലുള്ള താങ്കളെ ആയത് അവസാനിപ്പിച്ച് സർവീസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള അന്തിമ നടപടികൾ സ്വീകരിക്കുന്നതാണ്. താങ്കൾക്ക് എതിരായ കാരണം കാണിക്കൽ നോട്ടീസ്, അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ഓഫിസ് പ്രവർത്തന സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടോ ആയത് അയയ്ക്കേണ്ട വ്യക്തമായ മേൽവിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചോ കൈപ്പറ്റാവുന്നതാണ്.

Signature valid
Digitally signed by THOMAS MATHEW
Date: 2022.06.28 06:30:29 IST
Reason: Approved
Location: THIRUVANANTHAPURAM

THOMAS MATHEW
DIRECTOR

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. എഫ് 1/2783/2021/മെ.വി.വ.** **തീയതി: 24/03/2022**

## കാരണം കാണിക്കൽ നോട്ടീസ്

1. ഡോ.സുനു അലക്സ് ആയ താങ്കൾ, എറണാകുളം മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി സേവനം അനുഷ്ഠിച്ചു വന്നപ്പോൾ, 01.04.2021 മുതൽ 2 മാസത്തേക്ക് ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും ആയത് Covid കാലത്തെ ഡോക്ടർമാരുടെ ആവശ്യകത ചൂണ്ടിക്കാട്ടി പ്രിൻസിപ്പൽ തലത്തിൽ തന്നെ നിരസിക്കുകയും, 26.04.2021 ലെ ഇ1/8373/2018/ജി.എം.സി.ഇ നമ്പർ കത്ത് പ്രകാരം താങ്കളോട് തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദേശിക്കുകയും ചെയ്തു. എന്നാൽ താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ലായെന്ന് 08.06.2021, 16.10.2021 തിയതികളിലെ ഇ1/7320/2020/ജി.എം.സി.ഇ നമ്പർ കത്തുകൾ പ്രകാരം പ്രിൻസിപ്പൽ അറിയിച്ചിരുന്നു. ആയതിൻ പ്രകാരം 23.11.2021 ലെ എഫ്1/2783/2021/മെ.വി.വ നമ്പർ പ്രകാരം, ഈ അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതും അല്ലാത്ത പക്ഷം നിലവിലെ സർവീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതുൾപ്പടെയുള്ള തുടർ നടപടികൾ ഇനി ഒരു അറിയിപ്പില്ലാതെ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊണ്ട് കത്തയച്ചെങ്കിലും (Registered with A/D), മേൽ വിലാസക്കാരൻ സ്ഥലത്തില്ലാത്തതിനാൽ തപാൽ വകുപ്പ് മടക്കി നൽകുകയാണുണ്ടായത്.

2. അവധി അപേക്ഷ നിരസിച്ച ശേഷവും തിരികെ ജോലിയിൽ പ്രവേശിക്കാത്ത താങ്കളുടെ നടപടി സേവന നിരീക്ഷണത്തിലുള്ള ജീവനക്കാരി എന്ന നിലയിൽ തികച്ചും അസംതൃപ്തികരമാണ്.

3. ആയതിനാൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾ 19 എ(ii) പ്രകാരം താങ്കളുടെ സേവന നിരീക്ഷണം അവസാനിപ്പിക്കുന്നതിനും, സർക്കാരിലേക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയതു ഈടാക്കുന്നതിനും ഉള്ള താൽക്കാലിക തീരുമാനം എടുത്തിട്ടുണ്ട്. താങ്കൾക്കെതിരായ പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിനു കാരണം എന്തെങ്കിലും ബോധിപ്പിക്കാനുള്ള പക്ഷം ഈ നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം ആയതു ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്കു ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ചട്ടപ്രകാരമുള്ള അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

Signature valid
Digitally signed by Remla Beevi A
Date: 2022.03.24 14:01:49 IST
Reason: Approved

DR.REMLA BEEVI A
DIRECTOR

സ്വീകർത്താവ്,

ഡോ. സുനു അലക്സ്
ഹൌസ് നം : 29/1510 B, ജവഹർ ക്രോസ് റോഡ്
തയ്ക്കൂടം, വൈറ്റില പി.ഒ, എറണാകുളം-682019.